**POLICE** **DEPARTMENT**

**KERALA**

**No. G2-16335/2014/ID**
District Police Office,
Idukky
spidk.pol@kerala.gov.in
04862232354
Dated. 17-09-2016

## ലേല പരസ്യം

ഇടുക്കി ജില്ലയിലെ നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിൽ നിൽക്കുന്ന മൂന്ന് മഹാഗണി മരങ്ങൾ 2016 ഒക്ടോബർ 22 -)0 തീയതി പകൽ 11 മണിക്ക് നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിൽ വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായ 3500/- രൂപ അടച്ച് രസീത് കൈപ്പറ്റേണ്ടതുമാണ് . കൂടാതെ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മുദ്രവെച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ് .കവറിന്റെ പുറത്ത് നെടുംകണ്ടം പോലീസ് സ്റ്റേഷൻ വളപ്പിലെ ലേലത്തിന്റെ ദർഘാസ് എന്ന് എഴുതിയിരിക്കണം . ദർഘാസ് 2016 ഒക്ടോബർ 18 വരെ ഇടുക്കി ജില്ല പോലീസ് ഒഫ്ഫീസിലും നെടുംകണ്ടം പോലീസ് ഇൻസ്പെക്ടറുടെ ഒഫ്ഫീസിലും സ്വീകരിക്കുന്നതാണ് .ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിന് തുല്യമായ തുകയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം .

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ചതുക/ദർഘാസ് തുക ഇതിൽ ഏതാണോ കൂടുതൽ ആയതിന് ലേലം താല്കാലികമായിഉറപ്പിക്കുന്നതുമാണ് . ലേലത്തിൽ പരാജയപ്പെടുന്നവർക്ക് നിരതദ്രവ്യം തിരികെ നല്കുന്നതാണ്. ലേലം കൊണ്ട ആൾ ലേലത്തുകയുടെ /ദർഘാസ് തുകയുടെ പകുതി സംഖ്യ ഉടൻതന്നെ അടച്ച രസീത് കൈപ്പറ്റേണ്ടതാണ് .ബാക്കി തുക ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിൽ മരങ്ങൾ മുറിച്ച് മാറ്റി കൊണ്ട് പോകേണ്ടതാണ് .
ലേലം കൊണ്ട ആൾ മേല്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൾ കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ് .പുനർലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയത് ആദ്യം ലേലംകൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ് .പുനർ ലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിന് ടിയാൻ അവകാശിയായിരിക്കുന്നതല്ല .
ലേലവസ്തുക്കൾ 2016 ഒക്ടോബർ 18 വരെയുള്ള പ്രവർത്തിദിവസങ്ങളിൽ നെടുംകണ്ടം പോലീസ് ഇൻസ്സ്പെക്ടറുടെ അനുമതിയോടെ രാവിലെ 11 മണിക്കും 4 മണിക്കും ഇടക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ് .യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ് . ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമാണ് .

ലേലവസ്തുക്കൾ

| ക്രമ നംബർ | ഇനം | ബി .എച്ച് വണ്ണം (മീറ്റർ) | വ്യാപ്തം |
|---|---|---|---|
| 1 | മഹാഗണി | 1.55 | 1.247 |
| 2 | മഹാഗണി | 1.1 | 0.547 |
| 3 | മഹാഗണി | 1.1 | 0.547 |

ഇൻസ്പെക്ടർ ഓഫ് പോലീസ് നെടുംകണ്ടം ,ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് കട്ടപ്പന അറിവിലേക്കും വ്യാപക പരസ്യം നൽകുന്നതിനുമായി

എല്ലാ പോലീസ് ഒഫ്ഫീസർമാർക്കും വ്യാപക പരസ്യം നൽകുന്നതിനും നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും

എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും , കമാൻഡൻറ്മാർക്കും നോട്ടിസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും വ്യാപക പരസ്യം നൽകുന്നതിനും

G2-16335/2014/ID c95233

George A V IPS
District Police Chief